(2) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലേയും ഫറോക്ക് ഡിസ്പെൻസറിയിലേയും അസൗകര്യങ്ങൾ സംബന്ധിച്ച്

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, കോഴിക്കോട് ജില്ലയുടെതന്നെ ഒരു ഇൻഡസ്ട്രിയൽ ബെൽറ്റായ ഫറോക്കിൽ പ്രവർത്തിക്കുന്ന റഫറൽ ആശുപത്രിയും ആ റഫറൽ ആശുപത്രിയിലെ അസൗകര്യവുമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആ റഫറൽ ആശുപത്രിയോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സുണ്ട്. ആശുപത്രിയിലേയും സ്റ്റാഫ് ക്വാർട്ടേഴ്സിലെയും മലിനജലവും മാലിന്യങ്ങളും സംസ്ക്കരിക്കാൻ ആവശ്യമായ യാതൊരു സംവിധാനവും അവിടെയില്ല. അത് പരിസരമലിനീകരണ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അതിന് ഒരു പരിഹാരം ഉണ്ടാക്കണം. ഈ ആശുപത്രിയിൽ സ്കാനറുണ്ട്. ടെക്നീഷ്യനില്ല. ഇവിടെ ഇ.സി.ജി. മെഷീൻ കേടായിട്ട് ദിവസങ്ങളായി. ആവശ്യത്തിന് മരുന്നു കിട്ടുന്നില്ല. അതുപോലെതന്നെ വാർഡിൽ കിടക്കുന്നവർക്ക് ബെഡ്ഷീറ്റ്, സ്റ്റൂൾ തുടങ്ങിയ സാധനങ്ങൾ ഒന്നുംതന്നെ ലഭ്യമല്ല. അതുകൊണ്ട് ഈ ആവശ്യങ്ങൾ അടിയന്തിരമായി പരിഹരിക്കണം. അതു പോലെ ഇ.എസ്.ഐ. ആശുപത്രിയിൽ ഡോക്ടർമാരില്ല. രോഗികൾക്ക് ആവശ്യമായ ലീവ് കൊടുക്കാനും, റീഇംപേഴ്സുമെന്റ് കൊടുക്കാനും സംവിധാനമില്ല. 2002 ഫെബ്രുവരിക്കുശേഷം ഇതുവരെ ഈ ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ല. ഇതിനൊക്കെ പരിഹാര നടപടിയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഇ.എസ്.ഐ. ആശുപത്രി കാമ്പൗണ്ടിലെ ശുചീകരണ പ്രവർത്തനത്തിൽ ചില പോരായ്മകളുണ്ട്. അവിടുത്തെ ലോക്കൽ പഞ്ചായത്തുമായി ബന്ധപ്പെട്ട് മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. ഈ അടുത്ത ദിവസങ്ങളിൽ അത് നടക്കാത്തതുകൊണ്ട് ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റുതന്നെ മുൻകൈയെടുത്ത് കുറച്ച് ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. പഞ്ചായത്തുമായി ആലോചിച്ച് നിലവിലുള്ള ക്രമീകരണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്. അതുപോലെ ആശുപത്രിയിലേക്ക് ഉപകരണങ്ങളും മറ്റ് കാര്യങ്ങളും വാങ്ങുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുണ്ട്. അതുപോലെ മെഡിക്കൽ റീഇംപേഴ്സുമെന്റ് ഇനത്തിൽ കുറച്ച് തുക കൊടുക്കാനുണ്ട്. ഈ മാർച്ച് 31-ന് മുമ്പായി അത് പൂർണ്ണമായി കൊടുത്തു തീർക്കുന്നതാണ്. ഇപ്പോൾ അവിടെ ഒന്നോ രണ്ടോ ഡോക്ടർമാരുടെ കുറവുണ്ട്. അത് പരിഹരിക്കുന്നതാണ്.

(3) തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ചർ കോഴ്സ് നിലനിർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, വയനാട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടന്നിരുന്ന ആർക്കിടെക്ചർ കോഴ്സ് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് മാറ്റി, അവിടെ കോഴ്സ് തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ എൻ.ഒ.സി. നൽകി. കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ വിദഗ്ദ്ധസമിതി ഇൻസ്പെക്ഷൻ നടത്തി 20 വിദ്യാർത്ഥികളെ കഴിഞ്ഞ വർഷം തന്നെ പ്രവേശിപ്പിക്കാൻ സമ്മതിച്ചു. പക്ഷേ പ്രവേശനം നടന്നില്ല. ഈ വർഷവും ആ പ്രവേശനം നടത്താൻവേണ്ടി ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഗവൺമെന്റിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടും ഇതുവരെ തീരുമാനമായിട്ടില്ല. ഈ വർഷം ആ പ്രവേശനം നടന്നില്ലെങ്കിൽ ഈ കോഴ്സു തന്നെ അവസാനിക്കും. ഈ കോഴ്സ് അവസാനിച്ചാൽ ഒരു ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിൽ നിലനിൽക്കുന്ന ആർക്കിടെക്ചർ കോഴ്സ് അവസാനിച്ചാൽ, വിദ്യാർത്ഥികൾക്ക് പഠന സൗകര്യം കുറയുന്നു എന്നു മാത്രമല്ല ഇവിടെനിന്ന് ഡിഗ്രി എടുത്തവരുടെ ഭാവിയെത്തന്നെ അത് ബാധിക്കും എന്നുള്ളതു കൊണ്ട് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ചർ കോഴ്സ് തുടർന്നും നടത്താൻവേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളണ മെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, വയനാട് എഞ്ചിനീയറിംഗ് കോളേജിലെ ആർക്കിടെക്ചർ കോഴ്സ് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് മാറ്റിയെങ്കിലും 2001-ലും 2002-ലും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ചർ കോഴ്സ് നടന്നില്ല. 2003-ൽ എ.ഐ.സി.ടി.ഇ.-ക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ തീരുമാനം കിട്ടിയിട്ടുണ്ട്. ആ തീരുമാനം ഉടനെ നടപ്പിലാക്കുന്നതാണ് എന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു.

(4) ഇടുക്കി ജില്ലാ ബാങ്കിന് മദ്ധ്യകാല വായ്പയും കാർഷിക വായ്പയും നബാർഡിൽനിന്നും ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ വരൾച്ച ഉണ്ടാവുകയും കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുള്ള ഒരു ജില്ലയാണ് ഇടുക്കി. എന്നാൽ അതിന്റെ റിപ്പോർട്ടുകൾ തയ്യാറാക്കി കൊടുക്കുന്ന തിൽ വീഴ്ച വന്നു എന്നു പറയപ്പെടുന്നു—ഞാൻ അന്വേഷിച്ചപ്പോൾ ആ രൂപത്തിലാണ് മനസ്സിലായത്. ഈ കാർഷിക വിളനാശത്തിന്റെ നിജസ്ഥിതി സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത് കളക്ടറാണ്. കളക്ടർ കൊടുക്കേണ്ട അന്നവാരി സർട്ടിഫിക്കറ്റ് കൊടുക്കാത്തതിനെത്തുടർന്നു ഇടുക്കി ജില്ലാ ബാങ്കിന് മദ്ധ്യകാല വായ്പയും പുതിയ കാർഷിക വായ്പയും നബാർഡിൽ നിന്ന് ലഭിക്കാത്ത സ്ഥിതിയുണ്ട്. ഈ സ്ഥിതി അവിടുത്തെ കൃഷിക്കാർക്ക് വായ്പ ലഭിക്കാതിരിക്കുന്ന പ്രതികൂലമായ സ്ഥിതിയുണ്ടാക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഈ സ്ഥിതിക്കു പരിഹാരം കാണാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, വരൾച്ചമൂലമുള്ള കൃഷി നാശത്തിന്റെ പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ 13-7-2004-ൽ ജില്ലാ